"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് — മലപ്പുറം ജില്ല — നിലമ്പൂർ താലൂക്ക് — പോത്തുകല്ല് വില്ലേജിലെ ഭൂദാനം കോളനിയിൽ ദുരന്തസാധ്യതയുള്ള പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

G.O.(Rt) No.278/2026/DMD തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം. 25/2019/ഡി.എം.ഡി. തീയതി 23.08.2019.

2. മലപ്പുറം ജില്ലാ കളക്ടറുടെ 19.02.2025, 26.09.2025, 03.06.2026 എന്നീ തീയതികളിലെ DCMPM/9789/2022-DM1 , DCMPM/11771/2021-DM1 എന്നീ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ പോത്തുകല്ല് വില്ലേജിലെ ഭൂദാനം കോളനിയിൽ താമസിക്കുന്ന ശ്രീ. മൂക്കൻവീട്ടിൽ ശശി, S/o അയ്യപ്പൻ, ശ്രീ. പൂഴിക്കുന്നൻ ഹംസ എന്നിവരുടെ വീടുകൾക്ക് 2024-ൽ വയനാട് ജില്ലയിലെ ചൂരൽമല ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ ചാലിയാർ പ്രളയത്തിൽ പുഴയുടെ ഗതിമാറി കാരാടൻ തോടിലൂടെ വെള്ളം ഒഴുകിയതിനെ തുടർന്ന് വെള്ളം കയറുകയും സ്ഥലമിടിഞ്ഞ് വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ദുരന്തസാധ്യതയുള്ള പ്രദേശത്തുനിന്ന് പുനരധിവസിപ്പിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ, അപേക്ഷകരുടെ വീടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ അപകടസാധ്യത ജില്ലാ ജിയോളജിസ്റ്റ്, വിദഗ്ധസംഘം എന്നിവരുടെ പരിശോധനയിലൂടെ വിലയിരുത്തുകയും ഓറഞ്ച് ബുക്കിലെ മാനദണ്ഡങ്ങൾ പാലിച്ച് സംയുക്ത പരിശോധനാ റിപ്പോർട്ടും ജില്ലാ ജിയോളജിസ്റ്റിന്റെ റിപ്പോർട്ടും മലപ്പുറം ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(2) പ്രസ്തുത റിപ്പോർട്ടുകൾ പ്രകാരം, ശ്രീ. മൂക്കൻവീട്ടിൽ ശശിയുടെയും ശ്രീ. പൂഴിക്കുന്നൻ ഹംസയുടെയും വീടുകളും അനുബന്ധ സ്ഥലവും ഭൗമശാസ്ത്രപരമായി വാസയോഗ്യമല്ലെന്നും, പ്രസ്തുത വീടുകൾ ചാലിയാറിന്റെ Flood Plain മേഖലയിലായതിനാൽ ഭാവിയിൽ ഗുരുതരമായ അപകടസാധ്യത നിലനിൽക്കുന്നുവെന്നും ജില്ലാ ജിയോളജിസ്റ്റും വിദഗ്ധസമിതിയും അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും ഭാവിയിലെ അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടിയായി ഇവരെ പുനരധിവസിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും കാണുന്നു. അപേക്ഷകർക്ക് കേരള സംസ്ഥാനത്തിനുള്ളിൽ വാസയോഗ്യമായ വീടോ ഭൂമിയോ സ്വന്തമായില്ലെന്നു പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധസംഘത്തിന്റെ പരിശോധനയിൽ ദുരന്തസാധ്യതയുള്ള പ്രദേശത്താണ് താമസിക്കുന്നതെന്ന് കണ്ടെത്തിയ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ പോത്തുകല്ല് വില്ലേജിലെ ഭൂദാനം കോളനിയിൽ താമസിക്കുന്ന ശ്രീ. മൂക്കൻവീട്ടിൽ ശശി, ശ്രീ. പൂഴിക്കുന്നൻ

ഹംസ എന്നിവർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനോ, സ്ഥലവും വീടും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ₹10,00,000/-(പത്തു ലക്ഷം മാത്രം) വീതം, ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
POOJA LAL K A S
UNDER SECRETARY

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manu S
Date: 04-07-2026 12:46:02
സെക്ഷൻ ഓഫീസർ